## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *71      06.06.2018-ൽ മറുപടിയ്ക്ക്

## പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ പ്രത്യേക തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.കെ. ആൻസലൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വിവിധ പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും കണക്കിലെടുത്ത് പ്രത്യേക തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; | എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽകാർഡ് എടുത്തിട്ടുള്ളതും അവിദഗ്ധ കായികതൊഴിലെടുക്കുവാൻ തയ്യാറുള്ളതുമായ ഒരു കുടുംബത്തിന് പ്രതിവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ നൽകുന്നതിനു വേണ്ടിയാണ് നിലവിലെ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്. ഇതിനുപുറമെ സംസ്ഥാനത്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 12.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | പൊതുഭൂമിയിലും സ്വകാര്യസ്ഥലത്തുമുള്ള ഏതൊക്കെ ജോലികളാണ് പദ്ധതിയിൽ | ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിലാണ് അധിക തൊഴിൽ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തിയിരിക്കുന്നത്; ഭക്ഷ്യോത്പന്നങ്ങൾ ഉൾപ്പെടെ എല്ലാത്തരം വിളകളുടെയും കൃഷി, പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | നൽകുവാനുള്ള പദ്ധതിയും ആവിഷ്കരിച്ചിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും ഏറ്റെടുക്കുവാൻ കഴിയുന്നതാണ്. ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>**പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ**<br><br>പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട് നീർത്തടാധിഷ്ഠിത വികസന മാതൃകയിൽ പൊതു ഭൂമിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കും. പ്രധാനമായും ജലസംരക്ഷണ പ്രവൃത്തികൾ, വരൾച്ചാ പ്രതിരോധം, വൃക്ഷവത്കരണം മുതലായ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകുന്നു.<br><br>**പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുവാൻ തക്ക പ്രവൃത്തികൾ ഏറ്റെടുക്കൽ**<br><br>പട്ടികവർഗ്ഗകുടുംബങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുവാനായി അവരുടെ കൈവശമുള്ള ഭൂമിയിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ കുടുംബങ്ങളുടെ കൈവശമുള്ള ഭൂമി കൃഷിയോഗ്യമാക്കൽ, ഫല വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനായി ആട്ടിൻകൂട്, പശുതൊഴുത്ത്, കോഴിക്കൂട് തുടങ്ങിയവയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം മുതലായ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ സാധിക്കും. ആവർത്തന സ്വഭാവമുള്ളതും നേരിട്ടുള്ളതുമായ യാതൊരു കാർഷിക പ്രവർത്തനവും പദ്ധതിയിൽ അനുവദനീയമല്ല. |
| സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡ് ലഭിച്ച ഒരു ലക്ഷത്തോളം പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങളിൽ പകുതിയോളം കുടുംബങ്ങൾക്ക് മാത്രമേ തൊഴിൽ ലഭിച്ചുള്ളൂവെന്ന വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; തൊഴിൽ ലഭിച്ചവർക്ക് ശരാശരി എത്ര ദിവസം തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ? | സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള 105778 പട്ടികവർഗ്ഗക്കാരിൽ 52902 പേർക്ക് 2017-18-ൽ തൊഴിൽ നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 2817573 തൊഴിൽ ദിനങ്ങൽ സൃഷ്ടിക്കുകയും ഒരു കുടുംബത്തിന് ശരാശരി 53.26 ദിവസം തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം മെയ് മാസം 30-ാം തീയതി വരെ 19247 പേർക്ക് 2,50,736 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക വഴി ശരാശരി 13 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. |

Harideny

സെക്ഷൻ ഓഫീസർ